**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2617** **04-03-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം എൻ.ടി.പി.സി-യിൽ നിന്നുള്ള വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം , ശ്രീ. എ. കെ. എം. അഷ്റഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം എൻ.ടി.പി.സി-യിൽ നിന്നും വൈദ്യുതി വാങ്ങാത്ത വർഷങ്ങളിലും ഫിക്സ്ഡ് ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി. തുക നൽകി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്, കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ ഉയർന്ന നിരക്ക് മൂലം കഴിഞ്ഞ അഞ്ചുവർഷമായി ടി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നില്ല.എന്നിരുന്നാലും 2019 മുതൽ വൈദ്യുതി എടുക്കാതെ തന്നെ പ്രതിവർഷം 100 കോടി രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി. എൽ. NTPCക്ക നൽകി വരുന്നുണ്ട്. വൈദ്യുതിയുടെ ലഭ്യതക്കുറവ്, അന്തർ സംസ്ഥാന പ്രസരണശൃംഖലയുടെ ശേഷിക്കുറവ് തുടങ്ങിയ കാരണങ്ങളാൽ വൈദ്യുതി പ്രതിസന്ധി രൂക്ഷമായ അവസരങ്ങളിൽ മാത്രമാണ് (2015 മുതൽ 2019 വരെ) കായംകുളം നിലയത്തിൽ നിന്നുള്ള വില കൂടിയ വൈദ്യുതി ഉപയോഗപ്പെടുത്തിയിട്ടുള്ളത് . |
| (ബി) | ഇവിടെ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് ഉയർന്ന നിരക്ക് നൽകേണ്ടി വരുന്നുണ്ടോ; വ്യക്തമാക്കാമോ; വില കൂടിയ നാഫ്തയ്ക്ക് പകരം ചെലവ് കുറഞ്ഞ ഇന്ധനം ഉപയോഗിക്കണമെന്ന് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. ഉയർന്ന വൈദ്യുതി വില കാരണം 2015 മുതൽ കായംകുളം നിലയ ത്തിൽനിന്നും നാമമാത്രമായ വൈദ്യുതി മാത്രമാണ് കെ.എസ്.ഇ.ബി. എൽ. എടുത്തിട്ടുള്ളത്. കൂടാതെ കഴിഞ്ഞ അഞ്ചുവർഷമായി ടി നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നില്ല. വില കൂടിയ നാഫ്തക്ക് പകരമായി അനുയോജ്യമായ വിവിധ ബദൽ ഇന്ധനങ്ങൾ, നൂതന സാങ്കേതിക വിദ്യകൾ ഇവ ഉപയോഗിച്ച് നിലയം പ്രവർത്തിപ്പിക്കാനുള്ള സാധ്യ തകൾ NTPC കെ.എസ്.ഇ. ബി.എൽ-ന്റെ സമ്മതത്തോടെ പരിശോധിക്കണമെന്ന നിലവിലുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് . |
| (സി) | വില കുറഞ്ഞ വൈദ്യുതി എൻ.ടി.പി.സി-ക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ നിലയം ഏറ്റെടുക്കാൻ തയ്യാറാണെന്ന് കെ.എസ്.ഇ.ബി. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ